പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5034 — 24.10.2011-ൽ മറുപടിക്ക്

## മാവേലിക്കര ജില്ലാ ആശുപത്രിയിൽ ബ്ലഡ് ബാങ്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| മാവേലിക്കര ജില്ലാ ആശുപത്രിയിൽ ബ്ലഡ് ബാങ്കും ക്രോസ്മാച്ച് ചെയ്യുന്നതിനാവശ്യമായ സൗകര്യവും ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | മാവേലിക്കര ഗവ.ആശുപത്രിയിൽ രക്തബാങ്ക് തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ 25.07.2011-ന് കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി എൻ.ആർ.എച്ച്.എം-ന് സമർപ്പിച്ചിട്ടുണ്ട്. ഈ ആശുപത്രിയിലെ പഴയ സർജിക്കൽ വാർഡ് കെട്ടിടത്തിന്റെ മുകളിലത്തെ നില ആവശ്യമായ സിവിൽ ഇലക്ട്രിക്കൽ വർക്കുകൾ ചെയ്ത് ബ്ലഡ് ബാങ്ക് തുടങ്ങുന്നതിന് സജ്ജമാക്കി എടുക്കാവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾക്കും ബ്ലഡ് ബാങ്ക് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുമായി 48,28,500/- രൂപയുടെ പ്രൊപ്പോസൽ എൻ.ആർ.എച്ച്.എം-ന് നൽകിയിട്ടുണ്ടെങ്കിലും എൻ.ആർ.എച്ച്.എം-ന്റെ ഇപ്പോഴത്തെ പദ്ധതിയിൽ ഈ കാര്യം ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ